# അങ്ങാടിപത്രം

## നമ്മുടെ നാടിന്റെ വാർത്താജാലകം

ജൂലൈ 13 ബുധൻ 2022

Volume:2, Issue:11

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# ദുരിതമൊഴിയാതെ ആറളം; കാട്ടാന ശല്യം വീണ്ടും രൂക്ഷം

**കെ ജെ ജോജോ**

വിട്ടൊഴിയാത്ത കാട്ടാന ശല്യം ആറളം ഫാമിലെ ജനജീവിതത്തെ പ്രതിസന്ധിയിലാഴ്ത്തുന്നു. നാൽപതോളം വരുന്ന കാട്ടാനക്കൂട്ടം ഫാമിൽ തമ്പടിച്ച് ആക്രമണം തുടരുന്നതിനാൽ പുനരധിവാസ മേഖലയിലെ 11, 12 ബ്ലോക്കുകളിലെ ആദിവാസി കുടുംബങ്ങൾ തീരാ ദുരിതത്തിലാണ്. സർക്കാരിൽ നിന്ന് ഭൂമി ലഭിച്ച് കുടിയേറിയ ആയിരത്തി അഞ്ഞൂറോളം കുടുംബങ്ങൾക്ക് പുറമേ മുൻപെ അവിടെ താമസിച്ചു വന്നിരുന്ന എഴുപതോളം കുടുംബങ്ങളുമാണ് ഫാമിൽ ഇപ്പോൾ താമസിക്കുന്നത്. രാവും പകലും വ്യത്യാസമില്ലാതെ ആക്രമണം തുടരുന്ന ആനകളെ ഭയന്ന് ഉറങ്ങാൻ പോലും സാധിക്കാത്ത അവസ്ഥയിലാണ് ഇവർ. അഞ്ച് വർഷത്തിനിടെ ഒമ്പത് പേർ കാട്ടാനയുടെ അക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു.

ആറളം വന്യജീവി സങ്കേതത്തിലെ വളയംചാൽ മുതൽ വിയറ്റ്നാം വരെ പതിമൂന്ന് കിലോമീറ്റർ ദൂരത്തിൽ ആനമതിൽ സ്ഥാപിക്കാൻ സംസ്ഥാന സർക്കാരിന്റെ പട്ടിക വർഗ വികസന വകുപ്പിൽ നിന്നും 2019 ൽ 22 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ പണി തുടങ്ങാത്തതിൽ പ്രതിഷേധിച്ച് പ്രദേശവാസികളിൽ നാലു പേർ കോടതിയിൽ പൊതു താൽപര്യ ഹർജി സമർപ്പിക്കുകയും പതിനെട്ട് മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ ഉത്തരവാകുകയും ചെയ്തു.

പക്ഷെ ആറ് മാസങ്ങൾക്ക് മുൻപ് ഫാമിലെ തൊഴിലാളികളിലൊരാൾ ആനയുടെ ചവിട്ടേറ്റ് മരിച്ചതിനെ തുടർന്ന് മന്ത്രിമാരും എം എൽ എമാരും ഫാമിൽ ക്യാമ്പ് ചെയ്ത് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയും സമയ ബന്ധിതമായി പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. ഈ ഉത്തരവ് നിലനിൽക്കെ ആനമതിൽ പ്രായോഗികമല്ല മറിച്ച് തൂക്കുവേലിയാണ് അഭികാമ്യം എന്നാരോപിച്ച് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കോടതിയിൽ മറ്റൊരു



*കാട്ടാന നശിപ്പിച്ച ആറളത്തെ കൃഷിയിടം*

റിട്ട് സമർപ്പിക്കുകയും ആനമതിലിന് പകരം തൂക്കു വേലി നിർമ്മിക്കുവാൻ കോടതി വീണ്ടും ഉത്തരവാകുകയും ചെയ്തു. എന്നാൽ പണി ഇതുവരെ പൂർത്തിയായിട്ടില്ല. നിലവിൽ വേലിയുടെയും മതിലിന്റെയും പണി ആരംഭിക്കാത്തതിനാൽ ദുരിതത്തിലാണ് ഫാം നിവാസികൾ.

നിലവിൽ കണ്ണൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ നിന്നും ആറളം ഫാമിൽ പുനരധിവാസത്തിനായി ഭൂമി ലഭിച്ചിട്ടുള്ള മൂവായിരത്തോളം കുടുംബങ്ങളിൽ ആയിരത്തി അഞ്ഞൂറോളം കുടുംബങ്ങൾ മാത്രമാണ് കുടിയേറിയിട്ടുള്ളത്. ബാക്കിയുള്ളവർ കാട്ടാനയെ ഭയന്ന് വരാൻ മടിക്കുകയാണ്. താമസമാക്കിയവരിൽ പലരും മരണഭയത്താൽ തിരികെ നാട്ടിലേക്ക് പോകാനൊരുങ്ങുന്നു.

'പ്രദേശവാസികളുടെ കൃഷിയിടങ്ങളും കുടിലുകളും വരെ ചവിട്ടി നശിപ്പിച്ച് സംഹാരതാണ്ഡവമാടുകയാണ് നാട്ടിലിറങ്ങിയ കാട്ടാനക്കൂട്ടം. ജീവഹാനി ഭയന്ന് സ്വന്തം നാട്ടിലേക്ക് തന്നെ തിരികെ പോകുകയാണ് ആളുകളിപ്പോൾ. കാട്ടാന ശല്യത്തിനു ശാശ്വതമായൊരു പരിഹാരം എത്രയും വേഗത്തിൽ കണ്ടെത്തിയില്ലെങ്കിൽ ഇനിയും ജീവനുകൾ അപഹരിക്കപ്പെടും'. ആറളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വേലായുധൻ പറഞ്ഞു.

# കാലവർഷം ശക്തമായതോടെ മൂന്നാംകുറ്റി കോളനി നിവാസികൾ ഇരട്ടിദുരിതത്തിൽ

**സെബിമോൾ കെ വർഗീസ്**

മഴ കനത്തതോടെ ദുരിതത്തിലായി മൂന്നാംകുറ്റി കോളനി നിവാസികൾ. ചോർന്നൊലിക്കുന്ന വീടുകളിൽ താമസിക്കുന്ന ഏഴോളം കുടുംബങ്ങളാണ് ദുരിതത്തിലായത്. അംബേദ്ക്കർ വികസന സെറ്റിൽമെന്റ് പദ്ധതിയുടെ കീഴിലുള്ള ആറു വീടുകളും ലൈഫ് മിഷൻ പദ്ധതിയിൽ പഞ്ചായത്തിനു കീഴിലുള്ള ഒരു വീടുമാണ് ചോരുന്നത്. നിർമാണ പ്രവർത്തനങ്ങൾ കൃത്യമായി നടത്താത്തതാണ് ചോർച്ചയ്ക്കു കാരണമായിരിക്കുന്നത്. ഇതുകൊണ്ടു തന്നെ കോളനിയിലെ മിക്കവീടുകൾക്കും പുനർനിർമാണം ആവശ്യമാണ്.

'മേൽക്കൂര ചോരുന്നതുകൊണ്ട് വെള്ളം വീഴുന്നിടത്ത് പാത്രം വെച്ചാണ് ഞങ്ങൾ കഴിയുന്നത്. രാത്രിയിൽ ചോരാത്ത സ്ഥലം നോക്കി വേണം കിടക്കാൻ, അടുപ്പ് കൂട്ടാൻ പോലും പറ്റാത്ത അവസ്ഥയാണ്'. കോളനി നിവാസി ശോഭ പറഞ്ഞു.

'കഴിഞ്ഞ മഴക്കാലത്ത് ചോർന്നൊലിച്ച എല്ലാ വീടുകൾക്കുമായി പഞ്ചായത്തിൽ നിന്നും പത്തൊൻപതോളം പ്ലാസ്റ്റിക് ഷീറ്റ് നൽകിയിരുന്നു. എന്നാൽ അംബേദ്ക്കർ പദ്ധതിയുടെ ഭാഗമായതിനാൽ ചോർന്നൊലിക്കുന്ന ആറു വീടുകളുടെ നവീകരണത്തിനാവശ്യമായ സഹായം നൽകുന്നതിൽ പഞ്ചായത്തിനു പരിമിതികളുണ്ട്. അത് ട്രൈബൽ ഓഫീസർ വഴിയെ ചെയ്യാൻ സാധിക്കുകയുള്ളൂ'.



*ദുരിതത്തിലായ മൂന്നാംകുറ്റി കോളനി*

പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'അംബേദ്ക്കർ പദ്ധതിയുടെ കീഴിൽ ഉള്ള ആറു ഭവനങ്ങൾ പുനർ നിർമിക്കേണ്ടതാണ്. എന്നാൽ, അറ്റകുറ്റ പണികൾ നടത്തുന്നതിനാവശ്യമായ ഫണ്ടിന്റെ ആദ്യ ഘടുവാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. അതിനാൽ പുനർ നിർമാണ പ്രവർത്തനങ്ങൾ ഇപ്പോൾ സാധ്യമല്ല. അനുവദിച്ചു കിട്ടിയ തുക കൊണ്ട് ഒരാഴ്ച്ചയ്ക്കുള്ളിൽ പണി ആരംഭിക്കും. ലഭിച്ച ഫണ്ട് ഇപ്പോൾ ഉപയോഗിച്ചില്ലെങ്കിൽ നഷ്ടമായേക്കും'. ഇരിട്ടി ട്രൈബൽ ഓഫീസർ ഷൈജു ചെറിച്ചിൽ പറഞ്ഞു.

'പഞ്ചായത്തിനു കീഴിൽ വരുന്ന മറ്റു മൂന്നു വീടുകളിൽ രണ്ടെണ്ണത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. ഷീറ്റു പൊട്ടി ചോർന്നൊലിക്കുന്ന മറ്റൊരു വീടിന്റെ നിർമാണം അടുത്ത വർഷം ആരംഭിക്കും. ട്രൈബൽ വിഭാഗത്തിനു കീഴിൽ ഭവനമില്ലാത്തവർക്കു വീടു നൽകുന്നതിനുള്ള ലിസ്റ്റിലാണ് ഇവരുടെ പേരു വന്നിരിക്കുന്നത്. ഇത് ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമാക്കും. ഈ പദ്ധതിയുടെ ഭാഗമല്ലാത്ത ചോർന്നൊലിക്കുന്ന വീടിനു ആവശ്യമായ ഷീറ്റ് ഉദ്യോഗസ്ഥരുമായി തീരുമാനിച്ചു നൽകും'. വാർഡ് മെമ്പർ ഫിലോമിന മാണി പറഞ്ഞു.

# തെരുവുനായ ശല്യം; പൊറുതിമുട്ടി നാട്ടുകാർ

**ലിഡിയ ജേക്കബ്**

മൂന്നാംകുറ്റി പ്രദേശത്ത് തെരുവുനായ ശല്യത്തിൽ പൊറുതിമുട്ടി നാട്ടുകാർ. തെരുവുനായ്ക്കളുടെ ശല്യം നിമിത്തം വളർത്തുമൃഗങ്ങളെ വളർത്താൻ പോലും സാധിക്കാത്ത അവസ്ഥയിൽ നാട്ടുകാർ വലയുകയാണ്. പ്രദേശത്തെ കോഴികൾ, ആടുകൾ, പശു എന്നിവയെ ഉപദ്രവിക്കുകയും പിടിച്ചു കൊണ്ടു പോവുകയും ചെയ്യുന്ന നായകൾ രാത്രികാലങ്ങളിൽ കാൽനട യാത്രക്കാർക്കും ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്കും വലിയ ഭീഷണിയാണ്. 'ആറ് മാസങ്ങളായി തുടരുന്ന നായ ശല്യത്തിനെതിരെ പല തവണ പഞ്ചായത്തിൽ പരാതിപ്പെട്ടിട്ടും ഇതുവരെ പരിഹാരമായിട്ടില്ല'. പ്രദേശവാസിയായ ജോർജ് കളത്തിൽ പറഞ്ഞു.

'നിലവിൽ തെരുവുനായയെ കൊല്ലുവാൻ നിയമമില്ല. മാത്രമല്ല തെരുവുനായയെ വന്ധ്യംകരണം ചെയ്യുവാൻ സാധിക്കുമെങ്കിലും വളർത്തുവാനുമുള്ള സാഹചര്യം പഞ്ചായത്തിലില്ലാത്തതിനാൽ ഒരു ശാശ്വത പരിഹാരം കണ്ടെത്തുക ബുദ്ധിമുട്ടാണ്'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

## ആനിമൽ ബെർത്ത് കൺട്രോൾ (എ ബി സി) ഡോഗ്സ് റൂൾസ് അനുശാസിക്കുന്ന കാര്യങ്ങൾ

1. 2001 ലെ എ ബി സി (ഡോഗ്സ്) ചട്ടങ്ങളിലെ ചട്ടം 4 അനുശാസിക്കും പ്രകാരമുള്ള മോണിറ്ററിംഗ് സമിതികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

2. തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് സഹായകമായ പദ്ധതികൾ /പ്ലാൻ തനതുഫണ്ട് ഉപയോഗിച്ച് ആവിഷ്ക്കരിക്കുക.

3. തെരുവുനായകളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അവയെ പിടികൂടി സ്റ്റെറിലൈസേഷൻ/വാക്സിനേഷൻ നടത്തുന്നതിനുവേണ്ടി അവയെ നിശ്ചിത ദിവസത്തേയ്ക്ക് പാർപ്പിച്ച് നിരീക്ഷിക്കുന്നതിലേയ്ക്ക് 152 ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഡോഗ് ഷെൽട്ടറുകൾ സ്ഥാപിക്കുക.

4. പരിചയസമ്പന്നരായ നായപിടുത്തക്കാരുടെ സേവനം ലഭ്യമാകാത്ത ഗ്രാമപഞ്ചായത്തുകളിൽ അവരുടെ സേവനം ലഭ്യമാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. മൃഗക്ഷേമ സംഘടനകൾ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

6. 1998 ലെ കേരള പഞ്ചായത്ത് രാജ് (പട്ടികൾക്കും പന്നികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിന് മതിയായ പരസ്യം നൽകി നടപടി ഉറപ്പുവരുത്തുക.

7. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് ഉണ്ടാകുന്നതിന് കാരണമാകുന്നതിനാൽ പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ 1994 കേരള പഞ്ചായത്ത് രാജ് ആക്റ്റ് 219എ, 219എൽ വകുപ്പുകൾ പ്രകാരം നിയമപ്രകാരമുള്ള കർശന നടപടി സ്വീകരിക്കുക.

കേരള സർക്കാർ പഞ്ചായത്ത് വകുപ്പ്
അവസാനം പുതുക്കിയത് - 6/7/ 2022.

# ഡെങ്കിപ്പനി : ശുചീകരണം നടത്തി

**റിം താഹി നാബം**

ഡെങ്കിപ്പനി നിയന്ത്രണവിധേയമാക്കാൻ അയ്യൻകുന്ന് പഞ്ചായത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. മെയ്, ജൂൺ മാസങ്ങളിൽ പഞ്ചായത്തിൽ 15 പേർക്ക് ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 'തോട്ടങ്ങളിലൂടെ' എന്ന പ്രതിരോധ പദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ ആരോഗ്യ പ്രവർത്തകരും വോളണ്ടീയേഴ്സും ചേർന്ന് ശുചീകരണം നടത്തിയത്.

ടാപ്പിംഗിനു ശേഷം പ്ലാസ്റ്റിക് കപ്പുകളിൽ കെട്ടിക്കിടക്കുന്ന വെള്ളം, വീട്ടുമുറ്റത്തെ മലിനജലം തുടങ്ങി കൊതുകുകൾ പെരുകാൻ കാരണമാവുന്ന സ്രോതസുകളെ കണ്ടെത്തി നശിപ്പിച്ചു. രോഗങ്ങളെ കുറിച്ച് ജനങ്ങളെ ബോധവത്രിക്കുന്നതിനായി ആശാവർക്കേഴ്സും സന്നദ്ധപ്രവർത്തകരും ചേർന്ന് പഞ്ചായത്തിലെ വിവിധ അങ്കണവാടികളിലും, പള്ളികളിലും, സ്കൂളുകളിലും ബോധവൽക്കരണ ക്യാമ്പുകൾ നടത്തി.

'ഡെങ്കിപ്പനി ബാധിച്ച എല്ലാവരെയും മെച്ചപ്പെട്ട ചികിൽസക്കായി വിവിധ ആശുപത്രികളിലേക്ക് അയക്കുകയും അവർ പൂർണമായി സുഖം പ്രാപി ക്കുകയും ചെയ്തു. ജില്ലാ വെക്ടർ യൂണിറ്റിന്റെ കീഴിൽ ഡെങ്കിപ്പനി ബാധിതരുള്ള പ്രദേശങ്ങളിൽ സർവേയും ഫോഗിങ്ങും നടത്തി രോഗം പകരുന്നത് തടഞ്ഞു. എലിപ്പനി പടരാനുള്ള സാധ്യതയുള്ളതിനാൽ ഡോക്സിസൈക്ലിൻ ഗുളികകൾ തൊഴിലുറപ്പുകാർക്ക് വിതരണം ചെയ്തു'. അയ്യൻകുന്ന് ജൂനിയർ ഹെൽത്ത് ഓഫീസർ എസ് സി അരുൺ പറഞ്ഞു.

## എഡിറ്റോറിയൽ

# മുൻകരുതലുകൾ അനിവാര്യമാണ്

ഹരിതഭംഗിയാലും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുന്ന പ്രദേശമാണ് കേരളം. കാടുകളും മലനിരകളും തീരപ്രദേശങ്ങളും അടങ്ങിയ കേരള സമൂഹത്തിന്റെ പ്രധാന വരുമാന മാർഗം കൃഷിയാണ്. എന്നാൽ കാർഷികവൃത്തിയിൽ അടിസ്ഥാനമിട്ട ഈ ജനസമൂഹത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന സന്ദർഭങ്ങളിന്നു സർവ്വസാധാരണമാണ്.

വനാതിർത്തിയിൽ നിന്നും കൃഷിയിടങ്ങളിലേക്ക് കടന്നു കയറി അവ ചവിട്ടി നശിപ്പിക്കുകയും ആളപായമുണ്ടാക്കുകയും ചെയ്യുന്ന കാട്ടാനക്കൂട്ടം ജനജീവിതം ദുർഘടമാക്കുന്നു. തൂക്കുവേലി ഒരു പ്രതിവിധി ആയിരുന്നിട്ടുകൂടി അത് സമയബന്ധിതമായി സ്ഥാപിക്കാത്ത അധികാരികളുടെ അനാസ്ഥയാണിതിനൊരു കാരണമെന്നത് ക്ഷണിച്ചു വരുത്തുന്ന അപകടങ്ങൾ തുറന്നുകാണിക്കുന്നു.

ജനവാസപ്രദേശങ്ങളിൽ വിഹരിക്കുകയും വളർത്തുമൃഗങ്ങളെ ആക്രമിക്കുകയും ചെയ്യുന്ന തെരുവ് നായകളും ജനജീവിതത്തെ സാരമായി ബാധിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഡോഗ് ഷെൽട്ടർ നിർമിച്ചു വന്ധ്യംകരിക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടക്കാത്തതും ദുരന്തങ്ങളുടെ ആക്കം കൂട്ടുന്നു.

സാധ്യമായിരുന്നിട്ടുകൂടി വേണ്ടരീതിയിൽ മുൻകരുതലുകൾ സ്വീകരിക്കാതെ അനുദിനം വിളിച്ചുവരുത്തുന്ന ദുരിതങ്ങൾ നിരവധിയാണ്. ഇത്തരം ദുരിതങ്ങൾ കൃത്യമായ ഇടപെടലുകളോടെ ഉത്തരവാദിത്വപ്പെട്ടവർക്ക് ഇല്ലാതാക്കാവുന്നതാണ്.

കാലവർഷം ശക്തിയാകുന്നതിനോടൊപ്പം രോഗങ്ങൾ പിടിപെടാനുള്ള സാധ്യത വളരെ വലുതാണ്. രോഗപ്രതിരോധപ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിയോടുകൂടി നടപ്പിലാക്കണം. രോഗങ്ങളെ പൂർണമായും തടയാൻ പഞ്ചായത്തും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും ആശാ വർക്കേഴ്സും ചേർന്ന് ജനങ്ങൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകുന്നതും 'തോട്ടങ്ങളിലൂടെ' എന്ന പദ്ധതിയിലൂടെ ശുചീകരണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും ശ്ലാഘനീയമാണ്. ഇത്തരം പ്രവർത്തനങ്ങളിൽ ഓരോവ്യക്തിയും പങ്കുചേർന്ന് സാഹചര്യത്തിനനുസരിച്ച് ആവശ്യമായ മുൻകരുതലുകളെടുക്കണം.

- എഡിറ്റർ

# നൃത്ത സ്വപ്നങ്ങളിലേക്ക്...

**എലിസബത്ത് ടി സാബു**

അങ്ങാടിക്കടവിലെ ഇരുപതോളം കുരുന്നുകൾ നൃത്തസ്വപ്നങ്ങളിലേക്ക് ആദ്യചുവടുറപ്പിക്കുകയാണ് അലീന സുനിൽ എന്ന ഇരുപതുകാരിയിലൂടെ. തന്റെ നാലാം വയസ്സിൽ നൃത്തത്തിന്റെ ലോകത്തേക്ക് പിച്ചവെച്ച അലീന, പതിനഞ്ചുവർഷത്തെ നൃത്താഭ്യാസത്തിലൂടെ നേടിയെടുത്ത അറിവിന് ഇന്ന് അർത്ഥം കണ്ടെത്തുന്നത് മറ്റ് കുട്ടികളിലേക്ക് അറിവ് പകർന്ന് നൽകുമ്പോഴാണ്. 'ചെറുപ്പം മുതൽ ഡാൻസ് പഠിച്ചിരുന്നെങ്കിലും അരങ്ങേറ്റം നടത്തിയത് എന്റെ ഏഴാം വയസ്സിലാണ്. മാതാപിതാക്കളുടെ താത്പര്യം മൂലമാണ് നൃത്തം അഭ്യസിച്ച് തുടങ്ങിയതെങ്കിലും നൃത്തമാണ് ഇപ്പോൾ എല്ലാം'. അലീന ടീച്ചർ മനസ് തുറക്കുന്നു.

രണ്ടാം ക്ലാസുമുതൽ കലോത്സവവേദിയിൽ സജീവമായ അലീന കുച്ചിപ്പുടി, ഭരതനാട്യം, മോഹിനിയാട്ടം നാടോടി നൃത്തം മത്സരവേദികളിൽ സ്ഥിരസാന്നിധ്യമാണ്. നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ടെങ്കിലും പലകാരണങ്ങൾ കൊണ്ട് സംസ്ഥാനതലത്തിൽ ഇതുവരെയും മത്സരിക്കാൻ സാധിക്കാത്തത് അലീനയെ സങ്കടപ്പെടുത്തുന്നുണ്ട്. പ്ലസ്ടു പഠനത്തിന് ശേഷം നൃത്തത്തിൽ ബിരുദം നേടണമെന്ന അലീനയുടെ ആഗ്രഹത്തിനു കൊറോണ ഒരു തടസ്സമായി മാറി.

'കലോത്സവവേദിയിലെ മത്സരച്ചൂടും മത്സരഫലത്തിനായുള്ള കാത്തിരിപ്പും ഇന്നും നല്ല ഓർമ്മകളാണ്. ഒരുപാട് സങ്കടപ്പെടുത്തുന്ന അനുഭവങ്ങളുണ്ടെങ്കിലും ഇന്നതെല്ലാം രസകരമായ നിമിഷങ്ങളായി തോന്നുന്നു'. അലീന പറയുന്നു. ഇപ്പോൾ അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ മൂന്നാം വർഷ ബിരുദ വിദ്യാർത്ഥിനിയാണ്. കോളേജ് തലയുവജനോത്സവത്തിൽ കലാതിലകമായി വ്യക്തിമുദ്ര പതിപ്പിച്ച അലീന പഠനത്തോടൊപ്പം നൃത്താധ്യാപനവും മുന്നോട്ട് കൊണ്ടുപോവുകയാണ്.

നൃത്തത്തെ തന്റെ ജീവനോളം സ്നേഹിക്കുന്ന, സ്വപ്നത്തോടു ചേർത്തു വയ്ക്കുന്ന അലീനയുടെ ഏറ്റവും വലിയ പിന്തുണ കുടുംബം തന്നെയാണ്. 'അമ്മയാണ് ഏറ്റവും വലിയ പ്രചോദനം. എല്ലാ മത്സരവേദികളിലും അമ്മയുടെ സാന്നിധ്യവും പ്രോത്സാഹനവും പ്രാർത്ഥനയുമുണ്ട്. പപ്പയുടെ പിന്തുണയും ഒട്ടും പിന്നോട്ടല്ല. ഒരുപാട് ചിലവുണ്ട് ഓരോ മത്സരയിനങ്ങളിലും പങ്കെടുക്കാൻ. അതുകൊണ്ട് തന്നെ സാമ്പത്തികമായി ചിലപ്പോൾ ബുദ്ധിമുട്ട് നേരിടേണ്ടി വന്നിട്ടുണ്ട്.എന്നാൽ ഒരിക്കൽ പോലും പപ്പ മത്സരത്തിന് പോകണ്ട എന്ന് പറഞ്ഞിട്ടില്ല'. അലീന പറഞ്ഞുനിർത്തി.



*അലീന സുനിൽ*

പേരാവൂരിലുള്ള രവി മാഷാണ് അലീന ടീച്ചറുടെ പ്രഥമഗുരു. പിന്നീട് റഫീക്ക് മാഷിന്റെ കീഴിൽ ക്ലാസിക്കൽ ഡാൻസും മനോജ് മാഷ്, അനിൽ മാഷ് എന്നിവർ വഴി നാടോടിനൃത്തവും പഠിച്ചു. പഠനം പൂർത്തിയാക്കി സ്വന്തമായൊരു ജോലിയോടൊപ്പം നൃത്തത്തെ ഒരു കരിയറായി ജീവിതത്തിൽ ഉടനീളം കൊണ്ടുപോകണം എന്നാഗ്രഹിക്കുന്ന അലീന ടീച്ചറുടെ റോൾ മോഡൽ നൃത്തവേദിയിലും അഭിനയകലയിലും താരമായ മഞ്ജു വാര്യരാണ്. അങ്ങാടിക്കടവ് കളപ്പുരക്കൽ വീട്ടിൽ സുനിലിന്റെയും ജാൻസിയുടെയും രണ്ട് മക്കളിൽ മൂത്തമകളാണ് അലീന.

# ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തി

**കെ ടി അനഘ**



*അയ്യൻകുന്ന് പഞ്ചായത്ത് ഹാളിൽ നടന്ന മെഡിക്കൽ ക്യാമ്പ്*

അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തും, ആയുഷ് ആയുർവേദ ഡിസ്പെൻസറിയും ഡോൺ ബോസ്കോ ആർട്സ് ആന്റ് സയൻസ് കോളേജ് എൻ എസ് എസ് യൂണിറ്റും സംയുക്തമായി ചേർന്ന് മഴക്കാല രോഗപ്രതിരോധ മെഡിക്കൽ ക്യാമ്പും അസ്ഥിസാന്ദ്രത നിർണയ ക്യാമ്പും ജൂലൈ 8 ന് അയ്യൻകുന്ന് പഞ്ചായത്ത് ഹാളിൽ നടത്തി.

ക്യാമ്പിലൂടെ മഴക്കാല രോഗ പ്രതിരോധത്തിന്റെ ആവശ്യകതയെക്കുറിച്ചു ബോധവൽക്കരണ ക്ലാസ് നടത്തുകയും പ്രതിരോധ മരുന്ന് നൽകുകയും ചെയ്തു. എല്ലുകളുടെ ബലക്ഷയം പരിശോധിച്ച് തുടർചികിത്സ ആവശ്യമായവർക്ക് നിർദ്ദേശങ്ങൾ നൽകി.

'എല്ലുകളുടെ തേയ്മാനം കണ്ടെത്തി തുടർചികിത്സ നൽകാനും അനുയോജ്യമായ വ്യായാമത്തിലൂടെയും ഭക്ഷണ ശൈലത്തിലൂടെയും എങ്ങനെ ഈ രോഗങ്ങളെ അകറ്റി നിർത്താം എന്നും പറഞ്ഞുകൊടുക്കാനും സാധിച്ചു. ഡോ. പി. രാധിക പറഞ്ഞു.

അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ മേരി റജി, ഡോ. പി. രാധിക, ഡോ. കെ സി വീണ, എൻ എസ് എസ് പ്രോഗ്രാം ഓഫീസർ പി കെ നിതിൻ കുട്ടൻ, വളണ്ടിയർമാരായ ഷാരോൺ സജി, എം. ജെ. തോമസ്, ടി. സി. ശിവൻ, മിഥുന പി നമ്പ്യാർ, അൽജോ ജോൺ ജോസ് തുടങ്ങിയവർ ക്യാമ്പിനു നേതൃത്വം നൽകി. മുൻകൂട്ടി രജിസ്റ്റർ ചെയ്ത 100 പേർക്കാണ് പരിശോധന എങ്കിലും 100ൽ അധികം പേർ ക്യാമ്പിൽ പങ്കെടുത്തു.

# സുസജ്ജം അയ്യൻകുന്ന്

## ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തയ്യാറായി പഞ്ചായത്ത്

**നയന എം നായർ**

ദുരന്ത നിവാരണ മുന്നൊരുക്കങ്ങൾക്ക് സജ്ജമായി അയ്യൻകുന്ന് പഞ്ചായത്ത്. കേരളത്തിലൊട്ടാകെ പെയ്യുന്ന കനത്ത മഴയെ തുടർന്ന് സർക്കാരും തദ്ദേശ ഭരണ സംവിധാനങ്ങളും സുരക്ഷാ മുന്നൊരുക്കങ്ങൾ നടത്തുകയാണ്. നിലവിൽ പ്രശ്നങ്ങളൊന്നും സംഭവിച്ചില്ലെങ്കിലും ദുരന്ത സാധ്യതാ മേഖലകൾ ഉള്ളതിനാൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി റവന്യൂ, പഞ്ചായത്ത്, പോലീസ്, പി.എച്ച്.സി, ഫയർ ഫോഴ്സ് തുടങ്ങിയവ സംയുക്തമായാണ് പ്രവർത്തിക്കുന്നത്.

**പഞ്ചായത്ത്**

പഞ്ചായത്ത് തലത്തിൽ സെക്രട്ടറിയുടെ ചുമതലയിൽ എമർജൻസി റെസ്പോൺസ് ടീം രൂപീകരിച്ചിട്ടുണ്ട്. ഇതിനു കീഴിൽ നാലു വിഭാഗങ്ങളിലായി പ്രത്യേക ടീമുകളും ഉണ്ട്. പ്രഥമ ശുശ്രൂഷ-ബേസിക് ലൈഫ് സപ്പോർട്ട്, അന്വേഷണ രക്ഷാപ്രവർത്തനം, ഷെൽട്ടർ മാനേജമെന്റ്, മുന്നറിയിപ്പ് എന്നിങ്ങനെയാണ് ടീമുകളെ തരം തിരിച്ചിരിക്കുന്നത്. സിന്ധു ബെന്നി, മിനി വിശ്വനാഥൻ, സജി മച്ചിത്താന്നി, ഐസക് ജോസഫ് എന്നിവരാണ് ടീം ലീഡേഴ്സ്. അത്യാവശ്യമുള്ള കോൺടാക്ട് ഡീറ്റെയിൽസ് ശേഖരിച്ച് വച്ചിട്ടുണ്ട്' പ്രസിഡണ്ട് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'എമർജൻസി കേസുകൾ ഉണ്ടായാൽ ജനങ്ങൾക്കും പഞ്ചായത്തിനും പെട്ടെന്ന് ബന്ധപ്പെടാനും സുരക്ഷാ പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കാനുമാണ് വാർഡ് മെമ്പേഴ്സിന്റെ റെസ്ക്യൂ ടീമുകളെ രൂപീകരിച്ചത്. ഉരുൾപ്പൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങളാണ് പൊതുവെ അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ കണ്ടുവരാറുള്ളത്. മലയോര മേഖലകളായ ഉരുപ്പുംകുറ്റി, രണ്ടാംകടവ്, പാലത്തിൻകടവ്, എടപ്പുഴ തുടങ്ങിയവ ഉരുൾപ്പൊട്ടൽ ഭീഷണി ഉള്ള സ്ഥലങ്ങളാണ്. 'പ്രകൃതി ക്ഷോഭ ഭീഷണിയുള്ള പ്രദേശങ്ങളിൽ പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ട്. മുൻകരുതലിന്റെ ഭാഗമായി, മാറ്റി പാർപ്പിക്കൽ അവശ്യമായി വന്നാൽ അതിനുള്ള സജ്ജീകരണങ്ങൾ റവന്യൂ, പോലീസ് മുതലായ വകുപ്പുകളുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്'. പ്രഥമ ശുശ്രൂഷ-ബേസിക് ലൈഫ് സപ്പോർട്ട് ടീം ലീഡർ സിന്ധു ബെന്നി പറഞ്ഞു.

**പോലീസ് സേന**

'ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കാവശ്യമായ സുരക്ഷാ ഉപകരണങ്ങൾ കരിക്കോട്ടക്കരി പോലീസ് കരുതിയിട്ടുണ്ട്. വെള്ളപ്പൊക്ക സാഹചര്യമുണ്ടായാൽ ആളുകളുടെ ജീവന്റെ രക്ഷക്കായി ലൈഫ് ജാക്കറ്റുകളും വെള്ളക്കെട്ടിലൂടെ സഞ്ചരിക്കാൻ സഹായിക്കുന്ന ട്യൂബുകളും തയ്യാറാണ്. ലൈഫ് ജാക്കറ്റുകളും വലിയ വടങ്ങളും ഡിപ്പാർട്ട്മെന്റ് വാഹനത്തിൽ കരുതാറുണ്ട്. എമർജൻസി കേസുകൾ ഉണ്ടായാൽ അടിയന്തര ചികിത്സക്കായി ആശുപത്രികളെയും സജ്ജമാക്കിയിട്ടുണ്ട്. വാർത്താ വിനിമയം ദ്രുത ഗതിയിലാക്കാൻ പഞ്ചായത്തംഗങ്ങളെ ഏകോപിപ്പിച്ച് വാട്സാപ്പ് ഗ്രൂപ്പുകൾ ഉണ്ട്'. കരിക്കോട്ടക്കരി സി ഐ പി ബി സജീവ് പറഞ്ഞു. പഞ്ചായത്ത് മെമ്പർമാരുടെ യോഗം വിളിച്ചുകൂട്ടി കച്ചേരിക്കടവ്, ആനപ്പന്തി തുടങ്ങിയ സ്കൂളുകളിൽ മാറ്റി പാർപ്പിക്കലിനായുള്ള സൗകര്യങ്ങളും പൊലീസ് ഒരുക്കിയിട്ടുണ്ട്.

**അഗ്നിശമന സേന**

ദുരന്ത നിവാരണ സേവനങ്ങൾക്കായി അഗ്നിശമന സേനയും തയ്യാറെടുത്തിട്ടുണ്ട്. 'വെള്ളപ്പൊക്കമുണ്ടായാൽ ആളുകളെ രക്ഷിക്കാൻ റബ്ബർ ഡിങ്കികൾ കരുതിയിട്ടുണ്ട്. ഏതുനേരവും സുരക്ഷാ സേവനങ്ങൾ നൽകാൻ സജ്ജരാണ്. ആംബുലൻസിന്റേയും മറ്റ് സുരക്ഷാ വാഹനങ്ങളുടെയും സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്. സേന തന്നെ സജ്ജമാക്കിയ 'സിവിൽ ഡിഫൻസ്' ടീം ദുരന്ത നിവാരണത്തിന് സഹായിക്കാൻ സജ്ജമാണ്'. ഇരിട്ടി അഗ്നിശമന സേന അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ ടി പി രാജീവൻ പറഞ്ഞു.



For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: ആര്യ പ്രസന്നകുമാർ | സബ് എഡിറ്റേഴ്സ്: ജോജോ കെ ജെ, നയന എം നായർ, ലിഡിയ ജേക്കബ് , റിം താഹി നാബം, എലിസബത്ത് ടി സാബു, സെബിമോൾ കെ വർഗീസ് | ഫോട്ടോഗ്രാഫേഴ്സ്: ജോജോ കെ ജെ , ലിഡിയ ജേക്കബ് | ഡിസൈൻ: അനഘ കെ ടി